# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1161

11.02.2016-ന് മറുപടിയ്ക്ക്

### നടമ്മൽ കടവ് പാലം

| ചോദ്യം<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ കൊടുവള്ളി- ഓമശ്ശേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന നടമ്മൽ കടവ് പാലത്തിനുള്ള സ്ഥലമേറ്റെടുക്കൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) കോഴിക്കോട് ജില്ലയിലെ നടമ്മൽ കടവ് പാലം അനുബന്ധറോഡ് നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിനായി ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് സമ്മതപത്രം നൽകിയ 7 കൈവശക്കാരിൽ 4 പേരുടെ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി കൈവശക്കാർ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കുന്നതാണ്.<br><br>ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് സമ്മതപത്രം നൽകാത്ത 5 പേരുടെ ഭൂമി പുതിയ എൽ.എ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. പുഴയുടെ മറുകരയിലുള്ള ഭൂമിയുടെ സർവ്വെയിൽ വന്ന പിശകുകാരണം എൽ.എ നടപടി കാലഹരണപ്പെടുകയുണ്ടായി. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | സ്ഥലമേറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; | ബി) | Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരമുള്ള നടപടികൾ പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |
| സി) | സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വിശദമാക്കാമോ? | സി) | നെഗോഷ്യബിൾ പർച്ചേസ് മുഖാന്തിരം സംസ്ഥാന തല സമിതി അനുമതി നൽകിയ വിലയ്ക്ക് ഭൂമി കൈമാറാൻ പുത്തൂർ വില്ലേജിലെ സ്ഥലമുടമകൾ വിസമ്മതം പ്രകടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ